LIBRARY ARCHIVES Kerala Legislative Assembly

ലീവ് സറണ്ടറും യൂണിഫോം അലവൻസും നൽകാൻ നടപടി

79 (3233) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിൽ പുന്നപ്രയിൽ പ്രവർത്തിക്കുന്ന സാഗര സഹകരണ ആശുപത്രിയിലെ ജീവനക്കാർക്ക് ലീവ് സറണ്ടർ, യൂണിഫോം അലവൻസ് എന്നീ ആനുകൂല്യങ്ങൾ നൽകാത്തതിനു കാരണം വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയാണോ ഇത് നു കാരണമെന്ന് വിശദമാക്കാമോ;

(സി) ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ലീവ് സറണ്ടറും യൂണിഫോം അലവൻസും സാഗര ആശുപത്രിയിൽ നിന്ന് അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് അനുവദിക്കുന്നുണ്ട്.

നന്മ സ്റ്റോറുകളുടെ പ്രവർത്തനം

80 (3234) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനു കീഴിൽ എത്ര നന്മ സ്റ്റോറുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്;

(ബി) നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) വിവിധ നന്മ സ്റ്റോറുകളിലായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള നന്മ സ്റ്റോറുകളിൽ എത്ര എണ്ണം പൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നന്മ സ്റ്റോറുകൾ പൂട്ടാനിടയായ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ) സഹകരണ വകുപ്പിനു കീഴിൽ കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 804 നന്മ സ്റ്റോറുകളും വിവിധ സഹകരണ സംഘങ്ങൾ മുഖാന്തിരം 751 നന്മ സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളിൽ ആകെ 1741 ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നു. സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ അതാതു സംഘത്തിന്റെ ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്.